"ഭരണഭാഷ - മാതൃഭാഷ"

**വ്യാവസായിക പരിശീലന വകുപ്പ്**

**(കേരള സംസ്ഥാനം)**

ജോയിന്റ് ഡയറക്ടറുടെ നടപടിക്രമം

(നിലവിൽ:ഷമ്മി ബേക്കർ എ )

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് -ട്രെയിനിംഗ് ഡയറക്ടറേറ്റ് - 2024-25 സാമ്പത്തിക വർഷം പുതുതായി അനുവദിച്ച ഐ ടി ഐ കൾക്കുള്ള ഉപകരണ സംഭരണം -നിലവിലുള്ള ഓരോ ഐ ടി ഐ കളിലും അധികമായിട്ടുള്ള പ്രവർത്തനക്ഷമമായ ഉപകരണങ്ങൾ പരിശോധിച്ച റിപ്പോർട്ട് നൽകുന്നതിന് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു

പരാമർശം:- സ .ഉ (കൈ )നം .32/2024/LBR തിയതി :13/ 09/2024

**ഉത്തരവ് നമ്പർ: DT/2540/2023-E6 തീയതി: 04-11-2024**

പരാമർശിത ഉത്തരവ് പ്രകാരം സംസ്ഥാനത്തു പുതുതായി അനുവദിച്ചിട്ടുള്ള 4 ഐ ടി ഐ കളിൽ ഈ സാമ്പത്തിക വർഷം പ്രവർത്തനം ആരംഭിക്കുന്ന ചാല ,പീച്ചി ,നാഗലശ്ശേരി എന്നീ 3 ഐ ടി ഐ കളിലെ വിവിധ ട്രേഡുകളിലേക്കാവശ്യമായ ഉപകരണ സംഭരണം നടത്തുന്നതിന് വേണ്ടി മറ്റ് ഐ ടി ഐ കളിൽ അധികമായിട്ടുള്ള പ്രവർത്തന ക്ഷമമായ ഉപകരണങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി വിവിധ ഐ റ്റി ഐ കളിൽ നിന്നും ലഭ്യമായ ഉപകരണങ്ങളുടെ ലിസ്റ്റ് ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു.

മേൽ വിവരിച്ച സാഹചര്യത്തിൽ പുതുതായി പ്രവർത്തനം ആരംഭിക്കുന്ന 3 ഐ ടി ഐ കളിലെ വിവിധ ട്രേഡുകളിലേക്ക് കൈമാറുന്നതിന് , മറ്റ് ഐ ടി ഐ കളിൽ അധികമായിട്ടുള്ള പ്രവർത്തന ക്ഷമമായ ഉപകരണങ്ങൾ പരിശോധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നതിന് തിരുവനന്തപുരം , കോട്ടയം, എറണാകുളം , പാലക്കാട് , കോഴിക്കോട് ട്രെയിനിംഗ് ഇൻസ്‌പെക്ടർമാരെ നിയോഗിച്ച് ഉത്തരവാകുന്നു .

ഈ പ്രവർത്തനങ്ങളിൽ ട്രെയിനിംഗ് ഇൻസ്‌പെക്ടർമാർക്ക് ആവശ്യമായ സഹായം നൽകുന്നതിനായി ചുവടെ പറയുന്ന ഗ്രൂപ്പ് ഇൻസ്ട്രക്ടർമാരെ കൂടി നിയോഗിക്കുന്നു.

1. തിരുവനന്തപുരം- ശ്രീ. ഗോപകുമാർ.വി പി, ഐ ടി ഐ ഇളമാട്
2. കോട്ടയം - ശ്രീ. ബിജു പി എസ്, ഐ ടി ഐ ഏറ്റുമാനൂർ
3. എറണാകുളം - ശ്രീ. ബിന്ദു പി എസ്, ഐ ടി ഐ കളമശ്ശേരി
4. കോഴിക്കോട് - ശ്രീ. പ്രേംജിത്ത് പി , ഐ ടി ഐ കണ്ണൂർ
5. പാലക്കാട് - ശ്രീ. റജി.ടി, ഐ ടി ഐ മലമ്പുഴ

സമയ ബന്ധിതമായി ഈ പ്രവർത്തി പൂർത്തികരിക്കുന്നതിന് ആവശ്യമുള്ള പക്ഷം തങ്ങളുടെ അധികാര പരിധിയിലുള്ള സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കുന്നതിന് ഉത്തരവ് നൽകേണ്ടതും ടി ഉത്തരവിന്റെ പകർപ്പ് ഈ കാര്യാലയത്തിൽ

സമർപ്പിക്കേണ്ടതുമാണ് .

ടി ഉദ്യോഗസ്ഥർ 05/11/2024 മുതൽ പരിശോധന ആരംഭിക്കേണ്ടതും പ്രവർത്തന ക്ഷമമമായ ഉപകരണങ്ങളുടെ വ്യക്തമായ റിപ്പോർട്ട് 15/11/2024 നകം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ് .

മേല്പറഞ്ഞ പരിശോധന നടപടികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് താഴെപറയുന്ന രീതിയിൽ വാഹനവും ഡ്രൈവറുടെ സേവനവും ബന്ധപെട്ട പ്രിൻസിപ്പാൾമാർ ഐ ടി മാർക്ക് വിട്ടുനല്കേണ്ടതാണ്.

വാഹനവും

| വാഹനവും ഡ്രൈവറുടെ സേവനവും വിട്ടു നൽകേണ്ട സ്ഥാപനം | ഐ ടി |
|---|---|
| ആറ്റിങ്ങൽ ,സിജുരാജ് | തിരുവനന്തപുരം |
| ഏറ്റുമാനൂർ ,അനിൽകുമാർ | കോട്ടയം |
| കളമശ്ശേരി ,വിനോദ് കുമാർ | എറണാകുളം |
| മലമ്പുഴ ,കിരൺ | പാലക്കാട് |
| കോഴിക്കോട് ,രതീഷ് സി കെ | കോഴിക്കോട് |

(ഒപ്പ്)

Shammi Baker A

JD DTTVPM

സ്വീകർത്താവ് : ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്

പകർപ്പ് : 1. പ്രിൻസിപ്പാൾ ഐ റ്റി ഐ ഇളമാട്/ഏറ്റുമാനൂർ/കളമശ്ശേരി/കണ്ണൂർ/മലമ്പുഴ

2 . ടെക്നിക്കൽ അസിസ്റ്റന്റ്

ഉള്ളടക്കം :-അധികമുള്ളതായി പ്രിൻസിപ്പാൾമാർ റിപ്പോർട്ട് ചെയ്തിരിക്കുന്ന ഉപകരണങ്ങളുടെ ലിസ്റ്റ്.

**Signed by S U Reshma**
**Date: 05-11-2024 10:12:25**